(ബി) ആ ലേലത്തിൽ ആലപ്പാട്ട് വില്ലേജിൽ മിസ്റ്റർ എം. ആർ. വേലായുധൻ പങ്കെടുത്തിരുന്നുവോ;

(സി) മിസ്റ്റർ വേലായുധൻ ക്ഷ ക്ഷൻ-ലും ക്ഷ-ക്ഷ ഠ-ലും ഏതെങ്കിലും കള്ളഷാപ്പ് നേരിട്ടോ ക്ലൃപ്തായോ നടത്തിയിരുന്നതായി ഗവൺമെണ്ടിന്നറിയാമോ; ഉണ്ടെങ്കിൽ ഏതെല്ലാം ഷാപ്പുകൾ;

(ഡി) ക്ഷ-ക്ഷ ഠ-ൽ മുകുന്ദപുരം താലൂക്കിൽ നടത്തിയ കള്ളഷാപ്പുകളുടെ ലേലം ക്ഷ ക്ഷൻ-ൽ ഏതേതുമാസം തിയ്യതികളിലായിരുന്നു;

(ഇ) ആ ലേലത്തിൽ മിസ്റ്റർ വേലായുധൻ പങ്കെടുത്തിരുന്നുവോ ?

മിസ്റ്റർ സി. ജെ. മാത്യു: (എ) ക്ഷ ക്ഷ ക്ഷൻ മേടം ക്ഷ-ാംതീ.

(ബി) ഇല്ല.

(സി) എം. ആർ. വേലായുധൻ ക്ഷ ക്ഷൻ-ൽ തൃശ്ശിവപേരൂർ താലൂക്കിൽ ഫർക്കാം നമ്പ്ര് പാറളം കള്ളഷാപ്പ് നടത്തുന്നതിൽ കൂട്ടുകച്ചവടക്കാരനായിരുന്നു.

(ഡി) ക്ഷ ക്ഷ ക്ഷൻ എടവം മ-ാംതീ.

(ഇ) ഇല്ല.

COCHIN-KANAYANNUR TALUK—ACQUISITION OF LANDS IN—REQUESTS FOR

578. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) ക്ഷ ക്ഷ ഠ ചിങ്ങം ക്ഷ-ാംതീ മുതൽ ക്ഷ ക്ഷ ക്ഷ തുലാം ക്ഷ-ാംതീ വരെ കൊച്ചി കണയന്നൂർ താലൂക്കിൽനിന്നും ഭൂമി അകപയർ ചെയ്തുകിട്ടുവാനുള്ള എത്ര അപേക്ഷകൾ ഗവൺമെണ്ടിന്ന് ലഭിച്ചിട്ടുണ്ട്;

(ബി) ആരുടെയെല്ലാമാണ് ഈ അപേക്ഷകൾ;

(സി) ഓരോരുത്തരും എന്താവശ്യത്തിലേക്ക് എത്ര ഏക്കർ ഭൂമിയാണ് അകപയർ ചെയ്തുകിട്ടുവാൻ അപേക്ഷിച്ചിട്ടുള്ളത്;

(ഡി) ഗവൺമെണ്ട് ഈ അപേക്ഷകളെ മുൻനിർത്തി എടുത്ത നടപടികൾ എന്തെല്ലാം?

റാവു സാഹിബ് എ. മാധവ പ്രഭു: (എ) ക്ഷ ക്ഷ.

(ബി), (സി), (ഡി) ഈ വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix V)

മിസ്റ്റർ പി. നാരായണമേനോൻ: അനുബന്ധത്തിൽ ഒന്നാമത്തെ പറഞ്ഞിരിക്കുന്നതു തള്ളിക്കളഞ്ഞതു് എന്തുകൊണ്ടാണ്?

റാവു സാഹിബ് എ. മാധവപ്രഭു: ഒരാളുടെ ആവശ്യത്തിനാണ് വഴിയാവശ്യപ്പെട്ടതു്. പബ്ലിക്കിന്റെ ആവശ്യത്തിനല്ല. പ്രിൻസിപ്പിൾ അനുസരിച്ച് അങ്ങിനെ ഒരാളുടെ ആവശ്യത്തിനു കൊടുക്കാൻ പാടില്ല. അതുകൊണ്ടാണ് തള്ളിക്കളഞ്ഞതു്.

മിസ്റ്റർ പി. നാരായണമേനോൻ: അനുബന്ധത്തിൽ രണ്ടാമത്തെ പറഞ്ഞിരിക്കുന്നതിനെപ്പറ്റിയെന്താണ് നിശ്ചയിച്ചിട്ടുള്ളതു്?

റാവു സാഹിബ് എ. മാധവപ്രഭു: രണ്ടാമത്തേതിനെ സംബന്ധിച്ച് ഒന്നും തീരുമാനമായിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അനുബന്ധത്തിൽ മൂന്നാമത്തേതു് അന്വേഷണത്തിലിരിക്കുന്നു, രണ്ടാമത്തേതു തീരുമാനമായിട്ടില്ലെന്നു പറയുന്നു. അപ്പോൾ അന്വേഷണം കഴിച്ചിട്ടുവേണം തീരുമാനിക്കാൻ, അല്ലേ?

റാവു സാഹിബ് എ. മാധവപ്രഭു: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാണു തീരുമാനമുണ്ടാകുക?

റാവു സാഹിബ് എ. മാധവപ്രഭു: താമസിയാതെ തീരുമാനമുണ്ടാകും.

Mr. P. K. Dewer *(Nominated):* Is the list exhaustive ?

Rao Sahib A. Madhava Prabhu *(Diwan Peishkar):* Yes, for the period mentioned, that is from 1st Chingam 1120 to 1st Thulam 1121 it is exhaustive.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിൽ രണ്ടാമത്തേതിന്റെ അന്വേഷണം എന്നാണു കഴിഞ്ഞതു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. President : I suggest that the Hon'ble Member reply that the information is not available.

Rao Sahib A. Madhava Prabhu *(Diwan Peishkar):* I have not got the information; I have to find it out.

Now I have got the file.... We suggested an alternative site. The alternative site Survey No.....proposed by the Diwan Peishkar is approved. He is requested to take necessary proceedings in the matter. The order to acquire Survey No..... is cancelled.

അതിൽ പിന്നീടാണ് ഇതിനുള്ള ആക്ഷേപം വന്നിട്ടുള്ളത്.

മിസ്റ്റർ പി. നാരായണമേനോൻ : അനേഷണം കഴിച്ചിട്ട് എത്ര മാസമായി ?

റാവു സാഹിബ് എ. മാധവപ്രഭ : അനേഷണം കഴിച്ചിട്ട് ഒരുകൊല്ലമായി. അതിനെപ്പറ്റി പിന്നെയും ആക്ഷേപം വന്നതുകൊണ്ട് അനേഷണം നടത്തേണ്ടിവന്നു. ഇങ്ങിനെ ആക്ഷേപങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നതെല്ലാം അനേഷിച്ചു തീരുമാനംചെയ്യാൻ സമയം കുറെ വേണ്ടിവരും. ആക്ഷേപം കിട്ടിയാൽ അതിനെപ്പറ്റി അനേഷണം നടത്താതെ നിവൃത്തിയില്ല.

മിസ്റ്റർ പി. ടി. ജെയിക്കബ് : ആക്ഷേപങ്ങൾ കിട്ടുന്നതുകൊണ്ടാണോ താമസം നേരിട്ടുന്നത് ?

റാവു സാഹിബ് എ. മാധവപ്രഭ : അതും ഒരു കാരണമാണ്.

മിസ്റ്റർ പി. ടി. ജെയിക്കബ് : ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ എല്ലാസ്ഥലത്തെ സംബന്ധിച്ചുമുണ്ടാവും. അതെല്ലാം അനേഷിക്കാൻ സാധിക്കുമോ ?

റാവു സാഹിബ് എ. മാധവപ്രഭ : എല്ലാം സ്വീകരിക്കുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ : അനേഷണം കഴിഞ്ഞിട്ട് എന്താണ് തീരുമാനിച്ചിട്ടുള്ളത് ?

റാവു സാഹിബ് എ. മാധവപ്രഭ : സർവ്വെനമ്പ് വേണമെന്നു തീരുമാനിച്ചു. അതു കൊടുക്കാൻ കല്പനയായിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ : ദരിദ്രമതായി മരോട്ടിക്കൽപറമ്പിൽ കുഞ്ഞൻ അയ്യപ്പൻ മുതൽപേക്ഷ വീടുപണിയുവാനുള്ള സ്ഥലത്തിനാണ് അപേക്ഷിച്ചിട്ടുള്ളത് എന്നു പറയുന്നു. ഇതു് ഒരു വ്യക്തിയുടെ ആവശ്യത്തിനാണോ ?

റാവു സാഹിബ് എ. മാധവപ്രഭ : അതു് ഒരാളുടെ ആവശ്യത്തിനല്ല, വാലന്മാക്കു കോളനിയുണ്ടാക്കിക്കൊടുക്കാനാണ്. ഡിപ്രസ്സ്ഡ് ക്ലാസ്സിൽ പെട്ടവർ താമസിക്കാൻ സ്ഥലമില്ലെന്നു പറഞ്ഞാൽ അവക്കു സ്ഥലമുണ്ടാക്കിക്കൊടുക്കാറുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ : ഇതിൽ വീടുപണിയുവാൻ എന്നു പറഞ്ഞിട്ടുള്ളു. അതുകൊണ്ട് ഒരു വീട് എന്നാണ് വിചാരിച്ചതു്. വീടുകൾ എന്നു പറയാമായിരുന്നില്ലേ ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് എത്ര ആളുകൾക്കു കൂടി ഉള്ളതാണ് ?

റാവു സാഹിബ് എ. മാധവപ്രഭ : എത്രയാളുകൾക്കാണെന്നു തീച്ചപറയുവാൻ പാടില്ല. ഉദ്ദേശം പത്തുനാല്പതാളുകളുണ്ടാകും.

മിസ്റ്റർ പി. ടി. ജെയിക്കബ് : ഒരു മുതലാളി പള്ളിയുടെയിൽ ഒരു മായിൽ മിൽ സ്ഥാപിക്കുന്നതിനു കുറെ പറമ്പുകൾ എടുത്തപ്പോൾ അതിന്റെ ഉടമസ്ഥന്മാരെ ഒഴിപ്പിക്കുകയുണ്ടായില്ലേ ? അങ്ങിനെയുള്ളവക്കു കോളനി സ്ഥാപിക്കാനാണോ ഈ സ്ഥലം കൊടുത്തതു് ?

റാവു സാഹിബ് എ. മാധവപ്രഭ : അവരും ഇതിൽ പെടും. പക്ഷെ അവർക്കുവേണ്ടി മാത്രമല്ല ഇതു കൊടുക്കുന്നതു്.

മിസ്റ്റർ പി. ടി. ജെയിക്കബ് : മിൽ സ്ഥാപിക്കാനാണോ ആ സ്ഥലം എടുത്തിട്ടുള്ളതു് ?

Rao Sahib A. Madhava Prabhu *(Diwan Peishkar):* That is for a Vala Colony to put up houses for 30 to 40 families. They are to be evicted from the place they are now living. They are living in a place more or less like a colony. They approached His Highness and Government have sanctioned the acquisition of the land to be given to them for residential purposes.

മിസ്റ്റർ പി. നാരായണമേനോൻ : അനുബന്ധത്തിൽ ൫-ാ മത്തേതിൽ സ്കൂളിന്റെയും അമ്പലത്തിന്റെയും, മുറത്തിനു് എന്നു പറയുന്നുണ്ട്; സ്കൂളിന്റെയും, അമ്പലത്തിന്റെയും മുറമൊന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എ. മാധവപ്രഭു: എനിക്കു നിശ്ചയമില്ല; സ്ഥലം ഞാൻ കണ്ടിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ: സ്ഥലം അമ്പലത്തിനു തൊട്ടടുത്താണോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: അനുബന്ധം ക്ര-ാമത്തേതിൽ ഒരു പൊതുക്കുളത്തിനുവേണ്ടുവോളം സ്ഥലം എന്നു പറഞ്ഞിട്ടുണ്ട്. ഏതു സ്ഥലമാണ് കുളത്തിനുദ്ദേശിച്ചിട്ടുള്ളതു?

റാവു സാഹിബ്ബ് എ. മാധവപ്രഭു: അഞ്ചേട്ടസെൻറുസ്ഥലം ഉണ്ടായിരിക്കും.

മിസ്റ്റർ പി. നാരായണമേനോൻ: അതാവശ്യമാണെന്നു തീരുമാനിച്ചുവോ? എന്താണു കൊടുക്കുവാൻ വിഷമം.

റാവു സാഹിബ്ബ് എ. മാധവപ്രഭു: സ്ഥലം സെലക്ട് ചെയ്യുന്നതിനാണ് ബ്ലാങ്കിട്ടത്.

മിസ്റ്റർ പി. നാരായണമേനോൻ: ക്ര-ാ മത്തേതിൽ വേണ്ടെന്നുവെച്ചു എന്നു പറയുന്നു. അതു ഗവൺമെണ്ടിന്റെ ആവശ്യം കാരണമാണോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: ഗവൺമെണ്ടിന്റെ ആവശ്യം കാരണമാണ്.

മിസ്റ്റർ പി. നാരായണമേനോൻ: ഇ-ാ മത്തേതിൽ വിസ്തീർണ്ണപ്പെടുത്തേണ്ടകാര്യം തീരുമാനിക്കപ്പെട്ടതിനുശേഷം എന്നു പറഞ്ഞിട്ടുണ്ട്. അതു തീരുമാനിച്ചു കഴിഞ്ഞശേഷമാണ്.

റാവു സാഹിബ്ബ് എ. മാധവപ്രഭു: ഗവൺമെണ്ടു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: പള്ളുരുത്തിയിൽ ഒരു കാൺവെൻറുകാർ കുറെസ്ഥലംവേണമെന്നാവശ്യപ്പെട്ടിരുന്നു. അതു ക്ര ക്ര ക്ര തുലാം ക്ര-ാംനു-ക്ക ശേഷമാണോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: ആയിരിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതെല്ലാം ഈ കൊല്ലം കഴിയുന്നതിനുമുമ്പു തീരുമാനിക്കുമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: ഇതിനെപ്പറ്റി ആക്ഷേപങ്ങളില്ലാതിരുന്നാൽ വേഗത്തിൽ തീരുമാനമുണ്ടാകും. ആക്ഷേപം വന്നാൽ അതിനെപ്പറ്റി അന്വേഷിക്കാതെ തീരുമാനിക്കാൻ നിവൃത്തിയില്ല.

SUB-ASSISTANT SURGEON—ANAMALAIS ROAD—COMPLAINTS FROM

579. Mr. P. K. Paul *(Chalakkudi):* Will Government be pleased to state.—

(*a*) did the Government receive any complaint from the Sub-Assistant Surgeon, Anamalais Road Works Dispensary of maltreatment by the Assistant Engineer;

(*b*) if the answer is in the affirmative did the Government conduct an enquiry into the matter;

(*c*) was there any delinquency on the part of the officer concerned and how was justice meted out?

Mr. V. K. Aravindaksha Menon (*Chief Engineer*) :

(*a*) Yes.

(*b*) & (*c*) An enquiry is to be conducted.

Mr. P. K. Paul *(Chalakkudi):* What is the nature of the complaint received from the Sub-Assistant Surgeon?

Mr. V. K. Aravindaksha Menon *(Chief Engineer):* The nature of the complaint is that his salary is delayed. That is the chief complaint. Another complaint was that the Assistant Engineer locked up and sealed the dispensary and later broke open the lock and the Sub-Assistant Surgeon says that certain of his personal effects and things like that are now missing. That is another complaint. These are the many complaints.

Mr. K. T. Achuthan *(Mukundapuram-Ezhuvas) :* For how many days was the dispensary closed?

Mr. V. K. Aravindaksha Menon*(Chief Engineer) :* The Assistant Engineer went to the dispensary to get the medicine transported from Pariyaram to Vazhachal and the Assistant Engineer says that he had given notice to the Sub-Assistant Surgeon and that the Sub-Assistant surgeon was absent. So he sealed the dispensary and later opened it and took the medicines to Vazhachal.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V—*(See answer to Question No. 578)*

ക്രമനമ്പർ	ഫർജിക്കാരുടെ പേർ	ഭൂമി അക്വയർ ചെയ്തുകിട്ടുവാനാവശ്യപ്പെട്ടിരിക്കുന്നതു് എന്താവശ്യത്തിനെന്നു്	വിസ്തീർണ്ണം	ഓരോ കേസ്സിലും എടുത്തിട്ടുള്ള നടപടികൾ
൧൧	പാറക്കാട്ടു് കാമാക്ഷിനേത്യാരമ്മ മകൾ ഉമാലക്ഷ്മിഅമ്മ	ഒരുഎടവഴിക്കു്	൩ $\frac{1}{8}$ സെൻറു്	അപേക്ഷതള്ളി
൧൨	ഇരിമ്പനം ഹൈസ്കൂൾ മാനേജർ	സ്കൂളിലേക്കു കളിസ്ഥലത്തിനു്	൫൦ സെൻറു്	തീരുമാനിച്ചുകഴിഞ്ഞിട്ടില്ല
൧൩	വെളിയിൽ അപ്പുക്കുട്ടി രാമൻ	ഒരു എടവഴിക്കു്	൧$\frac{1}{2}$ സെൻറു്	അന്വേഷണത്തിലിരിക്കുന്നു
൧൪	വാനമ്പിള്ളി മീതിയൻ അഹമ്മത് മുതൽപേർ	മാടവന മുഹമ്മദീയപള്ളി വക ശവപ്പറമ്പു് വിസ്തീർണ്ണപ്പെടുത്തുവാൻ	൫൦ സെൻറു്	അനുവദിച്ചു
൧൫	കൊട്ടിലച്ചേരി കുഞ്ഞു മീതിയൻ അഹമ്മത് മുതൽപേർ	പനങ്ങാട്ടു മുഹമ്മദീയപള്ളിവകശവപ്പറമ്പു് വിസ്തീർണ്ണപ്പെടുത്തുവാൻ	൩൦ സെൻറു്	വിസ്തീർണ്ണപ്പെടുത്തേണ്ട കായ്യും തീരുമാനിക്കപ്പെട്ടതിനു ശേഷം അപേക്ഷയെപ്പറ്റി ആലോചിക്കുന്നതാണെന്നു് ഉത്തരവു നൽകി
൧൬	വിവേകാനന്ദചന്ദ്രികസഭാ പ്രസിഡണ്ടു്	ടി സഭയുടെ സ്കൂളിനും അമ്പലത്തിനും ഒരു മുറ്റത്തിനു്	൧൦ സെൻറു് പറമ്പും ൫൦ സെൻറു് നിലവും	ചില നിബന്ധനകളിന്മേൽ ൧൦ സെൻറു് എടുപ്പാൻ ഉത്തരവു നൽകി
൧൭	കാഞ്ഞൂർ സെൻറു് സബാസ്റ്റ്യൻസു് ഹൈസ്കൂൾ മാനേജർ	സ്കൂളിലേക്കു കളിസ്ഥലത്തിനു്	൧ ഏക്കു് ൬൧ സെൻറു്	അന്വേഷണത്തിലിരിക്കുന്നു
൧൮	അറക്കൽ കാവമ്മ മുതൽപേർ	ഒരു എടവഴിക്കു്	൬ സെൻറു്	തീരുമാനിച്ചുകഴിഞ്ഞിട്ടില്ല
൧൯	ചാത്തിയാത്തു കോൺവൻറു് മാനേജർ	കളിസ്ഥലത്തിനു്	൧ ഏക്കു് ൯൯ സെൻറോളം	ടി സംഗതി കോൺവൻറു് അധികാരികളുടെ കയ്യിൽതന്നെ ഇരിക്കുന്നു
൨൦	ഏറണാകുളം സെൻറു് മാരിസ്സ്റ്റെല്ലാ മാനേജർ	ടി	൧ ഏക്കു് ൫൬ സെൻറു്	വേണ്ടെന്നു വച്ചു
൨൧	മുളവുകാട്ടു് പുലയന്മാർ	കുടിക്കുവാൻ വെള്ളത്തിനു്, ഒരു പൊതുകുളത്തിനു്	ഒരുകുളത്തിനു വേണ്ടതു സ്ഥലം	തീരുമാനിച്ചുകഴിഞ്ഞിട്ടില്ല
൨൨	മരോട്ടിക്കൽപറമ്പിൽ കുഞ്ഞൻ അയ്യപ്പൻ മുതൽപേർ	വീടു പണിയുവാൻ സ്ഥലത്തിനു്	൭ ഏക്കു് ൬൯ സെൻറു്	തീരുമാനിച്ചുകഴിഞ്ഞിട്ടില്ല